"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാം മാനേജർ ആയി ജോലി നോക്കുന്ന ശ്രീമതി. അജിത. എസ്-ന്റെയും എം.ടി.പി/ഒ.എ ആയി ജോലി നോക്കുന്ന ശ്രീമതി. ഷജീല എം-ന്റെയും കരാർ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.483/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:-

1. സ.ഉ (സാധാ) നം.**600/2021**/ത.സ്വ.ഭ.വ, തീയതി **26.02.2021**
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.10.2021, 19/01/2022 തീയതികളിലെ എൽ.എം.4/10/ 2021/ലൈഫ്/കരാർ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാം മാനേജർ ആയി 20.12.2017-ൽ നിയമനം ലഭിച്ച ശ്രീമതി. അജിത എസ്- ന്റ യും എം.ടി.പി/ഒ.എ ആയി 18.11.2017- ൽ നിയമനം ലഭിച്ച ശ്രീമതി. ഷജീലാ എം -ന്റെ യും ദീർഘിപ്പിച്ചു നൽകിയ കരാർ കാലാവധി അവസാനിക്കുകയും ടി ജീവനക്കാരുടെ സേവനം ലൈഫ് മിഷൻ സംസ്ഥാന ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വളരെ അത്യാവശ്യമാകയാൽ ടി ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ടി ജീവനക്കാരുടെ പെർഫോമൻസ് അപ്പ്രൈസൽ സഹിതം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താൽകാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട 26/02/2016-ലെ സ.ഉ(പി) നം.28/2016/ധന, 28/04/2017-ലെ സ.ഉ(പി) നം. 56/2017/ധന, 21/07/2018-ലെ സ.ഉ (പി) നം. 112/2018/ധന, 09/07/2019-ലെ സ.ഉ(പി) നം. 81/2019/ധന, 11/02/2021-ലെ സ.ഉ (പി) നം. 29/2021/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായും സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശം ഉന്നയിക്കില്ല, നിയമന കാലയളവുകൾ സർക്കാർ നിഷ്കർഷിക്കുന്ന കാലയളവുകളിലായി പരിമിതപ്പെടുത്തുന്നതിനുള്ള സർവ്വീസ് ബ്രേയ്ക്കുകൾ നല്കണം, സർക്കാർ ഉത്തരവുകൾക്കനുസൃതമായേ തുടർ നിയമനം നടത്താവൂ എന്നീ നിബന്ധനകളോടെയും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാം മാനേജർ ആയി ജോലി നോക്കുന്ന ശ്രീമതി. അജിത. എസ്.-ന്റെ കരാർ കാലാവധി 23.12.2021 മുതലും എം.ടി.പി/ഒ.എ ആയി ജോലി നോക്കുന്ന ശ്രീമതി. ഷജീല. എം. ന്റെ കരാർ കാലാവധി 19.11.2021 മുതലും ഒരുവർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ശ്രീമതി.അജിത എസ്, പ്രോഗ്രാം മാനേജർ. (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)
ശ്രീമതി ഷജീല എം, എം.എം.ടി.പി/ഒ എ.(ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 28-02-2022 17:13:24**
സെക്ഷൻ ഓഫീസർ